"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ്- അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതി-2023-24 സാമ്പത്തിക വർഷത്തെ അങ്കണവാടി വർക്കർ/ഹെൽപ്പർമാർക്കുള്ള യൂണിഫോം വാങ്ങുന്നത്- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.110/2024/WCDD    തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-

1. കേന്ദ്ര സർക്കാരിന്റെ 01/08/2023 തീയതിയിലെ CD-II-14/2/2023-CD-II(e105674) നമ്പർ കത്ത്
2. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 25.11.2023 തീയതിയിലെ DWCD/4501/2023-ICDSA1 നമ്പർ കത്ത്

**ഉത്തരവ്**

വനിതാ ശിശു വികസന വകുപ്പിനു കീഴിൽ സംസ്ഥാനത്ത് 33115 അങ്കണവാടി വർക്കർമാരും 32986 അങ്കണവാടി ഹെൽപ്പർമാരും സേവനമനുഷ്ഠിച്ചു വരുന്നു. അങ്കണവാടി വർക്കർ/ഹെൽപ്പർമാർക്ക് പ്രതിവർഷം 2 യൂണിഫോം വീതം 500/- രൂപ നിരക്കിൽ വാങ്ങി നൽകുന്നതിന് കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്യുന്നുണ്ട്. യൂണിഫോമിനായി തുക വിനിയോഗിച്ചു വരുന്നത് 60:40 എന്ന കേന്ദ്ര സംസ്ഥാന അനുപാതത്തിലാണ്.

(2) കേന്ദ്ര സർക്കാരിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം അങ്കണവാടി വർക്കർ/ഹെൽപ്പർമാർക്ക് യൂണിഫോം വാങ്ങുന്നതിന് തുക വിനിയോഗിക്കുന്നതിനുള്ള അനുമതി പരാമർശം (1) പ്രകാരം ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ 12/10/2023 ന് കൂടിയ പർച്ചേസ് കം ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗിൽ നടപ്പ് വർഷം അങ്കണവാടി വർക്കർ/ഹെൽപ്പർമാർക്ക് യൂണിഫോമിനായി 2 കേരള സാരി വീതം വാങ്ങി വിതരണം ചെയ്യാവുന്നതാണെന്നും, ചുവടെ ചേർത്തിരിക്കുന്ന specification നിൽ GeM Portal മുഖേന വാങ്ങൽ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും, സാരിയുടെ കളറും സ്പെസിഫിക്കേഷനും നിശ്ചയിക്കുകയും, യൂണിഫോമിൽ ICDS Logo പതിപ്പിക്കുന്നതിനും, ഭരണാനുമതിയ്ക്കായി സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും തീരുമാനിച്ചതായും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

Specification for Kerala Saree

1. Name : Kerala saree with jari boarder

2. Material : 67/33 PC (Polyster 67% & Cotton 33%)

3. Colour : Natural grey cotton colour

4. Ends/inch : 76 (±2)

5. Picks/inch : 68(±2)

6. Warp Count : 60s Ne (±2)

7. Weft Count : 70s Ne (±2)

8. Tearing strength : minimum 1200 gram force in both warp and weft direction

9. Length : 5.5 meters minimum

10. width : 1.2 meters ± 1cm

11. Border : 2.75 inches having 2 inch colour jari combination in the middle

12. Cross Border : 3 inches having 1.5 inch colour and jari combination in the middle

13. Colour code for Worker (blue) : Pantone 627 C

14. Colour Code for Helper (Green) : Pantone 288C

(3) നടപ്പ് സാമ്പത്തിക വർഷം ഐ.സി.ഡി.എസ് പദ്ധതിയ്ക്കായി 2235-02-102-18 (01) പ്ലാൻ ശീർഷകത്തിൽ കേന്ദ്ര വിഹിതമായി 291.48 കോടി രൂപയും സംസ്ഥാന വിഹിതമായി 2235-02-102-18 (02) പ്ലാൻ ശീർഷകത്തിൽ 194.32 കോടി രൂപയും

വകയിരുത്തിയിട്ടുണ്ട്. 33115 അങ്കണവാടി വർക്കർമാർക്കും 32986 അങ്കണവാടി ഹെൽപ്പർമാർക്കും 500/- രൂപ നിരക്കിൽ 2 യൂണിഫോം വീതം വാങ്ങി നൽകുന്നതിന് 6,61,01,000/- രൂപ (ആറ് കോടി അറുപത്തിയൊന്ന് ലക്ഷത്തി ആയിരം രൂപ മാത്രം) ചെലവ് വരുന്നതാണ്. 33115 അങ്കണവാടി വർക്കർമാർക്കും 32986 അങ്കണവാടി ഹെൽപ്പർമാർക്കും 500/- രൂപ നിരക്കിൽ 2 കേരള സാരി വീതം ICDS Logo പതിപ്പിച്ച് മേൽ പരാമർശിച്ചിരിക്കുന്ന specification പ്രകാരം GeM Portal മുഖേന വാങ്ങുന്നതിനും, ഇതിനായി 60% കേന്ദ്ര വിഹിതം തുകയായ 3,96,60,600/- രൂപയും 40% സംസ്ഥാന വിഹിതമായ 2,64,40,400/-രൂപയും ചേർത്ത് ആകെ 6,61,01,000/- (ആറ് കോടി അറുപത്തിയൊന്ന് ലക്ഷത്തി ആയിരം രൂപ മാത്രം) രൂപ പദ്ധതിയ്ക്കായി വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള SNA ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും (അക്കൗണ്ട് നം. 40341101052949, IFSC: KLGB0040341) വിനിയോഗിക്കുന്നതിനുമുള്ള ഭരണാനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്ര സർക്കാരിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം അങ്കണവാടി വർക്കർ/ഹെൽപ്പർമാർക്ക് യൂണിഫോം വാങ്ങുന്നതിന് തുക വിനിയോഗിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ 12/10/2023 ലെ പർച്ചേസ് കമ്മിറ്റി തീരുമാന പ്രകാരം 33115 അങ്കണവാടി വർക്കർമാർക്കും 32986 അങ്കണവാടി ഹെൽപ്പർമാർക്കും 500/- രൂപ നിരക്കിൽ 2 കേരള സാരി വീതം ICDS Logo പതിപ്പിച്ച് മേൽ പരാമർശിച്ചിരിക്കുന്ന specification പ്രകാരം GeM Portal മുഖേന വാങ്ങുന്നതിനും, ഇതിനായി 60% കേന്ദ്ര വിഹിതം തുകയായ 3,96,60,600/- രൂപയും 40% സംസ്ഥാന വിഹിതമായ 2,64,40,400/-രൂപയും ചേർത്ത് ആകെ 6,61,01,000/- (ആറ് കോടി അറുപത്തിയൊന്ന് ലക്ഷത്തി ആയിരം രൂപ മാത്രം) രൂപ പദ്ധതിയ്ക്കായി വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള SNA ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും (അക്കൗണ്ട് നം. 40341101052949, IFSC: KLGB0040341) വിനിയോഗിക്കുന്നതിനുമുള്ള ഭരണാനുമതി നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 16-03-2024 14:24:15

സെക്ഷൻ ഓഫീസർ